**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1450

31.10.2019 ൽ
മറുപടിയ്ക്ക്

**ഇനാം പ്രോപ്പർട്ടി പോക്കുവരവ് ചെയ്യുന്നതിനുള്ള വിജ്ഞാപനത്തിന്റെ കാലാവധി ദീർഘിപ്പിച്ചു നല്കാൻ നടപടി**

**ചോദ്യം**
ശ്രീ.ജോൺ ഫെർണാണ്ടസ്

**മറുപടി**
ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) എറണാകുളം ജില്ലയിലെ രാമേശ്വരം, ഇടക്കൊച്ചി വില്ലേജുകളിലും മറ്റ് വില്ലേജുകളിലും, ഇനാം സെറ്റിൽമെന്റ് ഭൂമികൾ പോക്കുവരവ് ചെയ്യാൻ നോട്ടിഫിക്കേഷൻ പ്രകാരം അനുവദിച്ച കാലാവധി അവസാനിച്ചതിനാൽ, വർഷങ്ങളായി തീറുവാങ്ങി ഭൂമി കൈവശം വെച്ചനുഭവിക്കുന്നവർക്ക് പ്രസ്തുത ഭൂമി പോക്കുവരവ് ചെയ്യാൻ സാധിക്കാതെ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) അടിമ, അനുഭോഗം, പുറവക എന്നീ ഇനം ഭൂമികൾ ഇനാം സെറ്റിൽമെന്റായി പരിഗണിച്ച് പോക്കുവരവ് ചെയ്യാനുള്ള ഉത്തരവ് 2019-ൽ പുറപ്പെടുവിച്ചിട്ടുള്ളതിനാലും ഇനാം സെറ്റിൽമെന്റ് വിജ്ഞാപനത്തിന്റെ കാലാവധി 2018-ഡിസംബർ 31 ന് അവസാനിപ്പിച്ചിട്ടുള്ളതിനാലും ഇനാം പ്രോപ്പർട്ടി പോക്കുവരവ് ചെയ്യുന്നതിനുള്ള വിജ്ഞാപനത്തിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ വിജ്ഞാപനം എന്നത്തേക്ക് പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>(ബി) & (സി)</u>
1961 ലെ കേരള സർവ്വീസ് ഇനാം ലാൻഡ്സ് (V & E) ആക്ട് പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി ദീർഘിപ്പിക്കണമെന്ന ലാൻഡ് ബോർഡ് സെക്രട്ടറിയുടെ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

Nizamma
സെക്ഷൻ ഓഫീസർ